പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 696 — 11.06.2014-ലെ മറുപടിക്ക്

## വിദേശത്തും സ്വകാര്യ ആശുപത്രികളിലും ജോലി ചെയ്യുന്ന ഡോക്ടർമാർക്കെതിരെ നടപടികൾ

| ചോദ്യം<br>ശ്രീമതി. കെ.എസ്. സലീഖ | ഉത്തരം<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ഹെൽത്ത് സർവ്വീസിലുള്ള എത്ര ഡോക്ടർമാരെ പിരിച്ചുവിട്ടു; എത്ര ഡോക്ടർമാർക്കെതിരെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; | എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 6 പേരെ പിരിച്ചു വിടുകയും 34 പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യവകുപ്പിലെ ഒരു ഡോക്ടറെ പിരിച്ചു വിടുകയും 188 ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ഹെൽത്ത് സർവ്വീസിലുള്ള എത്ര ഡോക്ടർമാർ അവധിയെടുത്തും അല്ലാതെയും വിദേശത്തും സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ജോലി ചെയ്യുന്നു; വ്യക്തമാക്കുമോ;<br>സി) ഇവരിൽ എത്രപേരുടെ പേരിൽ ഈ സർക്കാർ നടപടി സ്വീകരിച്ചു: വ്യക്തമാക്കുമോ; | ബി) & സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 19 പേർ ശൂന്യവേതനാവധിയെടുത്ത് പോയിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ആരുംതന്നെ അവധി അനുവദിക്കപ്പെട്ട് വിദേശത്ത് ജോലി ചെയ്യുന്നില്ല. അവധിയിലല്ലാതെ വിദേശത്തും സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ജോലി ചെയ്യുന്നവരുടെ വിശദാംശം ലഭ്യമല്ല. |

| | |
|---|---|
| ഡി) സംസ്ഥാന ഖജനാവിൽ നിന്നും ചെലവ് വഹിച്ച് ഡോക്ടർ ആകുന്നവർ സർക്കാർ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കാതെ അവധിയെടുത്ത് സ്വകാര്യ ആശുപത്രികളിലും വിദേശത്തും സേവനം അനുഷ്ഠിച്ച് കൂടുതൽ കാശുണ്ടാക്കുന്ന പ്രവണത കൂടിവരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ആരോഗ്യ വകുപ്പിലെ ചില ഡോക്ടർമാർ ദീർഘകാല അവധി അപേക്ഷ നൽകിയ ശേഷം അതനുവദിച്ച് ഉത്തരവാകുന്നതിനു മുൻപുതന്നെ അവധിയിൽ പ്രവേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ജോലിക്ക് ഹാജരാകാതിരിക്കുന്നവരെ അനധികൃതമായി ജോലിക്ക് ഹാജരാകാത്തവരായാണ് കണക്കാക്കുന്നത്. സർക്കാർ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കാതെ അനധികൃത അവധിയിലുള്ള ഡോക്ടർമാർ സ്വകാര്യ ആശുപത്രികളിലും വിദേശത്തും സേവനം അനുഷ്ഠിക്കുന്ന പ്രവണത കൂടി വരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഇ) വ്യവസ്ഥകൾക്ക് വിരുദ്ധമായി ഇപ്രകാരം പ്രവർത്തിക്കുന്ന ഡോക്ടർമാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കുമോ? | ഇ) ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ഇവരുടെ പേരിൽ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് അച്ചടക്കനടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ